## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2386

05.11.2019 ൽ ബഹു. ധനകാര്യവും
കയറും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

**ചോദ്യം**
**ശ്രീ. കെ. ബാബു**

**ഉത്തരം**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | ധനകാര്യ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | ധനകാര്യ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ട്രഷറി വകുപ്പിൽ ട്രഷറി ഡയറക്ടറേറ്റിലും, മൂന്ന് ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലും 23 ജില്ലാ ട്രഷറികളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ മാത്രമാണ് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ധനവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനിൽ 01.08.2017 മുതൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ധനകാര്യ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പഞ്ചിംഗ് എന്നു മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | ട്രഷറി വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളിലും അടുത്ത സാമ്പത്തിക വർഷവും, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ 2020 ജനുവരിയോടെയും പഞ്ചിംഗ് ഏർപ്പെടുത്തുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറേറ്റ് ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ